പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 52 — 19.03.2013 ൽ മറുപടിക്ക്

## ഓൺലൈൻ വഴി വൈദ്യുതി ചാർജ് അടയ്ക്കുന്നതിന് സംവിധാനം

| ചോദ്യം | | മറുപടി | |
|---|---|---|---|
| | ശ്രീ. വി. ഡി. സതീശൻ<br>,, ബെന്നി ബെഹനാൻ<br>,, ജോസഫ് വാഴക്കൻ | | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജവും ഗതാഗതവും വകുപ്പ് മന്ത്രി) |
| (എ) | വൈദ്യുതി ചാർജ് ഓൺലൈൻ വഴി അടയ്ക്കുന്നതിന് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | കെ.എസ്.ഇ.ബി.യുടെ ഔദ്യോഗിക വെബ്സൈറ്റ് ആയ www.kseb.in മുഖേന വിസാ/മാസ്റ്റർ കാർഡ് തുടങ്ങിയ ഡെബിറ്റ്/ക്രെഡിറ്റ് കാർഡുകൾ മുഖേനയും പ്രമുഖ ബാങ്കുകൾ വഴി നെറ്റ് ബാങ്കിങ്ങിലൂടെയും വൈദ്യുതി ചാർജ്ജ് ഓൺലൈനായി അടയ്ക്കുന്നതിനുള്ള സംവിധാനം 06.07.2011 മുതൽ നിലവിലുണ്ട്. |
| (ബി) | ഏതെല്ലാം തരത്തിലുള്ള ഉപഭോക്താക്കൾക്കാണ് പ്രസ്തുത സംവിധാനം ഏർപ്പെടുത്തിയിട്ടുള്ളത്; വിശദമാക്കുമോ; | (ബി) | എച്ച്.റ്റി./ഇ.എച്ച്.റ്റി വിഭാഗത്തിൽപ്പെട്ട ഉപഭോക്താക്കൾക്കാണ് ഈ സംവിധാനം നിലവിൽ ലഭ്യമാക്കിയിട്ടുള്ളത്. |
| (സി) | പ്രസ്തുത സംവിധാനം ഏതെല്ലാം സ്ഥലങ്ങളിൽ ലഭ്യമാക്കിയിട്ടുണ്ട്; വിശദമാക്കുമോ; | (സി) | സംസ്ഥാനത്തൊട്ടാകെയുള്ള എച്ച്.റ്റി./ ഇ.എച്ച്.റ്റി വിഭാഗത്തിൽപ്പെട്ട ഉപഭോക്താക്കൾക്ക് ഈ സംവിധാനം ലഭ്യമാക്കിയിട്ടുണ്ട്. |
| (ഡി) | എല്ലാ ഉപഭോക്താക്കൾക്കും വൈദ്യുതി ചാർജ് ഓൺലൈൻ വഴി അടയ്ക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുമോ? | (ഡി) | വൈദ്യുതി ബോർഡിലെ മുഴുവൻ വൈദ്യുതി ഉപഭോക്താക്കൾക്കും വൈദ്യുതി ചാർജ്ജ് ഓൺലൈനായി അടയ്ക്കുന്നതിനുള്ള |

(തുടരും 2)

സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള സത്വര നടപടികൾ വൈദ്യുതി ബോർഡ് എടുത്തു വരികയാണ്. 2013 ഏപ്രിൽ മുതൽ ഈ സംവിധാനത്തിന് തുടക്കം കുറിക്കാൻ കഴിയും എന്നാണ് പ്രതീക്ഷിക്കുന്നത്.

**സെക്ഷൻ ഓഫീസർ**